THE MALANKARA SABHA

# മലങ്കരസഭ

DECEMBER 2018

The Official Media of Malankara Orthodox Syrian Church

Price ₹ 2

ക്രിസ്തുമസ് - പുതുവത്സര ആശംസകൾ



# ജലപ്രളയത്തിന്റെ സുവിശേഷം

■ ഡോ. യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്താ
(തൃശൂർ മെത്രാസനം)

**രണ്ടറ്റവും കത്തുന്ന മെഴുകുതിരി പോലെയാണ് കേരളത്തിലെ മലയാളിയുടെ അവസ്ഥ. ഒരു തലമുറക്ക് മുൻപ് അഞ്ചും ഏഴും പത്തും അംഗങ്ങൾ ഉണ്ടായിരുന്ന കുടുംബങ്ങളിൽ ഇന്ന് ഒന്നോ രണ്ടോ കുട്ടികൾ മാത്രം. അവർ പോലും വിദേശത്ത് പഠനം കഴിഞ്ഞ് അവിടെ തന്നെ ജീവിതം തുടരുന്നു. പിന്നാർക്കാണ് നാമീ പണിതുയർത്തുന്ന വമ്പൻ കെട്ടിടങ്ങളും മിനാരങ്ങളും?**



നമുക്കൊരു വിശ്വാസാടിത്തറയുണ്ട്, ഈ കാണുന്ന സകലതും ദൈവ സൃഷ്ടിയാണ് എന്നതാണത്. അതിൽ തന്നെ മനുഷ്യൻ ഒരു പ്രത്യേക സൃഷ്ടിയാണ്. മനുഷ്യന് അവകാശങ്ങളെക്കാൾ കൂടുതൽ ഉത്തരവാദിത്തങ്ങളാണ് നൽകപ്പെട്ടിരിക്കുന്നത് എന്ന് എന്റെ വിശ്വാസത്തിലുള്ള മതഗ്രന്ഥം സാക്ഷിക്കുന്നു. ഈ ഉത്തരവാദിത്ത നിർവ്വണത്തിനുള്ള കൂട്ടായ്മയാണ് സഭ എന്നാണ് എന്റെ ധാരണ. ഈ സമൂഹം തങ്ങളുടെ ഉത്തരവാദിത്ത നിർവ്വഹണത്തിൽ സൃഷ്ടിയിലെ മറ്റ് ഘടകങ്ങളുടെ സഹകരണവും സേവനവും പ്രയോജനപ്പെടുത്തേണ്ടതുണ്ട് എന്നാണ് ഉല്പത്തി 1:28 (സകലത്തിന്മെലും...) നിർദ്ദേശിക്കുന്നത്. ഇതിന് സമാനമായ വ്യത്യസ്ഥ മതചിന്തകളും അവയുടെ അടിസ്ഥാന വിശ്വാസ ചിന്തകളുമാണ്. അവയെക്കുറിച്ച് അഭിപ്രായം പറയാൻ ഞാൻ ആളല്ല എങ്കിലും പൊതുവായി മതംകൊണ്ട് ഇത് തന്നെയാണ് ഉദ്ദേശിക്കുന്നത് എന്ന് ഞാൻ കരുതുന്നു. ഈ വിശ്വാസാടിത്തറയിൽ നിന്നുകൊണ്ട് കാലികമായ ഒരു വിഷയത്തെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

കഴിഞ്ഞ മാസം ഓഗസ്റ്റ് 2018 കേരളത്തെ അലട്ടിയ പ്രളയ ദുരിതത്തെക്കുറിച്ചു തന്നെയാണ് പറയുന്നത്. ഇതിനായി പ്രധാനമായും വിശുദ്ധ വേദത്തിലെ ഉല്പത്തി പുസ്തകത്തിലെ 2:15 ("... തോട്ടത്തിൽ വേല ചെയ്യാനും അതിനെ കാപ്പാനും"); 3:17 ("...നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു") എന്നീ രണ്ട് വേദവാക്യങ്ങളെ ഞാൻ ഉപയോഗിക്കുന്നു. വാർത്താ മാധ്യമങ്ങൾ ശ്രദ്ധയോടെ പിൻതുടരുന്ന ആളാണ് ഞാൻ. ഈ കാലഘട്ടത്തെക്കുറിച്ചും ആ ദിനങ്ങളിൽ സംഭവിച്ച കാര്യങ്ങളെക്കുറിച്ചും മാധ്യമങ്ങൾ വലിയ പ്രാധാന്യത്തോടെ വിശദമായ വാർത്തകൾ നൽകിയിരിക്കുന്നു. അനേക ജീവനുകൾ പൊലിഞ്ഞു. അനേകരുടെ വീടുകൾ, ജീവനോപാധികൾ, ഭാവിയുടെ സ്വപ്നങ്ങൾ ഒക്കെ നശിപ്പിച്ച ഒരു വൻ കെടുതി ആയിരുന്നു അത്. അതേ സമയം തന്നെ കേരളത്തെ മുഴുവൻ ഒന്നിപ്പിച്ച ഒന്നുമായിരുന്നു പ്രളയകാലം.

പക്ഷെ വ്യത്യസ്ഥമായ രീതിയിൽ ഇതിനെ കണ്ടവരുമുണ്ട്. പെയ്തിറങ്ങിയതും തുറന്നൊഴുക്കി വിട്ടതുമായ വെള്ളത്തിന്റെ കെടുതികൾ ശമിക്കുന്നതിന് മുമ്പേ തന്നെ ആരാണ് ഇതിന് ഉത്തരവാദി എന്ന അന്വേഷണം അവർ ആരംഭിച്ചു. രാഷ്ട്രീയ പാർട്ടികളും ഉദ്യോഗസ്ഥരും പരസ്പരം പഴിചാരുന്നത് ഞാൻ കാണുകയും കേൾക്കുകയും ചെയ്യുന്നു. പക്ഷെ ഞാൻ എന്നെതന്നെ കുറ്റപ്പെടുത്താനാണ് മുതിരുന്നത്. രണ്ട് കാരണങ്ങളുണ്ട് എന്റെ കയ്യിൽ. ഒന്നാമത് മേൽ പറഞ്ഞ രണ്ട് വേദഭാഗങ്ങളും ഞാൻ വേണ്ടുവണ്ണം ശ്രദ്ധിച്ചില്ല. രണ്ടാമത് മനുഷ്യരെ പിടിക്കാൻ ഏല്പിക്കപ്പെട്ട ഞാൻ അത് നിർവ്വഹിച്ചില്ല. ഞാൻ കാണുന്നത് മനുഷ്യനായ ഞാൻ മൂലം ശപിക്കപ്പെട്ട ഭൂമിയേയും അതിന്റെ വഴി തെറ്റിയ വ്യവസ്ഥയെയുമാണ്. ക്രൈസ്തവനായ ഞാൻ പൈതൃകമായി ലഭിച്ച യഹൂദാ പാരമ്പര്യത്തിലെ മുൻപ് പറഞ്ഞ അമൂല്യ നിർദ്ദേശം (ഉല്പ. 2:15) ഗൗരവത്തിൽ എടുത്തില്ല എന്നതാണ് പ്രശ്നം. ഭൂമിയെയും പ്രകൃതിയെയും മനുഷ്യനെ ഏല്പിച്ച ദൈവം ഭൂമിയിൽ "വേല ചെയ്യാനും കാപ്പാനുമാണ്" നിർദ്ദേശിച്ചത്. വേല ചെയ്യുന്നതു തന്നെ ഭൂമിയുടെ ഉർവ്വരതയെ കാത്ത് സംരക്ഷിക്കുന്നതിന്റെ മറ്റൊരു വശമാണ്. കാക്കുക എന്നാൽ തനിക്ക് സ്വഭാവത്തെ സംരക്ഷിക്കുക

എന്ന് അർത്ഥമാകുന്നു. ഈ വേദഭാഗത്തെ വായിച്ച് ആചരിക്കുന്നതിന് പകരം പരമ്പരാഗതമായി ലഭിച്ച ചില തെറ്റായ ധാരണ അനുസരിച്ച് "സകലത്തിന്മേലും... അധികാരിയാക്കി" (ഉല്പത്തി 1:28) എന്ന ഭാഗം തെറ്റായി വായിച്ചും, പാശ്ചാത്യ സാമ്പത്തിക ചിന്തയിൽ കാണുന്ന "പ്രകൃതി വിഭവങ്ങളെ പരമാവധി ചൂഷണം ചെയ്യുക (maximum exploitation of natural resources)" എന്ന തത്വചിന്ത കണ്ണടച്ച് സ്വീകരിച്ചും പ്രകൃതിയോടുള്ള എന്റെ ഉത്തരവാദിത്വം നിറവേറ്റാൻ ഞാൻ മറന്നു. ഒരു വൃക്ഷത്തിന്റെ ഫലത്തിനെതിരെയുള്ള മനുഷ്യന്റെ അതിക്രമത്തെ ഇത്രമാത്രം ഗൗരവത്തോടെ കണ്ട ദൈവം, ഫലത്തെ മാത്രമല്ല അവയുണ്ടാകുന്നതും ഇല്ലാത്തതുമായ മരങ്ങളെ തന്നെ കൂട്ടമായും വ്യാപകമായും അതിക്രമത്തിലൂടെ ഉപഭോഗത്തിന് വിധേയമാക്കിയ മനുഷ്യനെ എത്രമാത്രം കുറ്റമാരോപിക്കും എന്നതിന്റെ പ്രത്യേക ലക്ഷണമാണ് ഈ ദിവസങ്ങളിൽ നാം കണ്ടത്.

നമ്മുടെ ആരാധനാലയങ്ങൾ, ഭവനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, റിസോർട്ടുകൾ ഇവയൊക്കെ നിർമ്മിച്ചപ്പോൾ എന്തിന്, ആർക്ക് എത്രത്തോളം എന്നീ ചോദ്യങ്ങൾ ചോദിക്കാനും കണ്ടെത്തിയ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ വിവേകപൂർണ്ണമായ തീരുമാനത്തോടെ ജീവിക്കാനും പ്രവർത്തിക്കാനും എനിക്കു സാധിച്ചില്ല എന്ന് കുറ്റബോധത്തോടെ ഞാൻ ഓർക്കുന്നു. അങ്ങിനെ ഭൂമി ഞാൻ മൂലം ശാപഗ്രസ്ഥമായിതീർന്നു; മുള്ളും പറക്കാരയും മുളയ്ക്കുകയും മുഖത്തെ വിയർപ്പോടെ മാത്രം അപ്പം ഭക്ഷിക്കാൻ കഴിയുന്ന കഷ്ടത ഉണ്ടാവുകയും ചെയ്തു. ഇപ്പോൾ മുഖത്ത് മാത്രമല്ല മനസ്സിലും വിയർപ്പ് പൊടിയുന്നത് ഞാൻ കാണേണ്ടതുണ്ട്. നോഹയുടെ കാലത്തെ ജലപ്രളയത്തെയും അതിന്റെ കാരണത്തെയും കുറിച്ച് വായിച്ചും പഠിച്ചും വളർന്ന എനിക്ക് ഈ ജലപ്രളയത്തെ എന്റെ അതിക്രമത്തിന്റെ ഫലമുണ്ടായത് എന്ന് കാണാൻ കഴിയുമൊ എന്ന ചോദ്യമാണ് ഇവിടെ ഉയരുന്നത്. എന്റെ ഈ ലോക ജീവിതം മനുഷ്യരെ പിടിക്കുന്ന ഉത്തരവാദിത്ത നിർവ്വഹണത്തിന്റെ മാർഗ്ഗത്തിലുള്ളതായിരിക്കേണ്ടതാണ്. മനുഷ്യരെ പിടിക്കുക എന്നാൽ രക്ഷയിലേക്ക് അവരെ നയിക്കുക എന്നുതന്നെ. ഇതാണ് മോശയും, ഏലിയാവും പിന്നെ ക്രിസ്തു ശിഷ്യന്മാരും ചെയ്തത്. അതാണ് ഞാനും ചെയ്യേണ്ടത്. അതിന് ഇന്ന് മനുഷ്യന്റെ ലൗകികത നൽകുന്ന തെറ്റായ ധാരണകളിൽ നിന്നും അവനെ മോചിപ്പിക്കേണ്ടതുണ്ട്. അതിന് പകരം അതിനോട് ചേർന്ന് പ്രവർത്തിക്കുകയാണ് ഞാൻ ചെയ്തുപോന്നത്. എന്റെ പ്രവർത്തികളിലൂടെ മനുഷ്യരെ അവരുടെ ജീവനോപാധികളെ, സ്വപ്നങ്ങളെ ഈ ജലപ്രളയത്തിലൂടെ മാത്രമല്ല മറ്റനേകം സന്ദർഭങ്ങളിലൂടെ നശിപ്പിക്കാൻ ഞാൻ കാരണക്കാരനായി.

ഭൂമിയിലെ ദൈവത്തെപ്പോലെയാകാനുള്ള ആദിമമനുഷ്യന്റേതിന് തുല്യമായ മനോഭാവത്തോടെ അഹന്തയുടെയും അത്യാഗ്രഹത്തിന്റെയും സ്വഭാവം നമ്മെ കൊണ്ടുവന്നെത്തിച്ചിരിക്കുന്നത്. എവിടെ എന്ന് നാം കണ്ണു തുറന്ന് കാണേണ്ടതാണ്. പള്ളികളുടെ മുൻപിൽ സ്ഥാപിച്ചിരിക്കുന്ന ഏതാനും ദിവസം മാത്രം ഉപയോഗിക്കുന്ന കൊടിമരം മാത്രം ശ്രദ്ധിച്ചാൽ മതി ഈ മനോഭാവത്തിന്റെ ഉദാഹരണം കാണാൻ. അത് ഇടവകയുടെയോ വിശ്വാസത്തിന്റെയോ അഭിമാനത്തെയാണോ അതോ പ്രകൃതിയുടെ മേലുള്ള അതിക്രമത്തെയൊ ആണോ പ്രഖ്യാപിക്കുന്നത് എന്ന് പരിശോധിക്കേണ്ടതുണ്ട്. പ്രവാസത്തലിരുന്ന ജനത്തിന്റെ വിമോചനത്തെക്കുറിച്ച് പ്രസംഗിച്ച ഏശായാ പ്രവാചകൻ പറഞ്ഞു "എല്ലാ താഴ്വാരങ്ങളും നികന്നും എല്ലാ മലയും കുന്നും താണും വരേണം; വളഞ്ഞതു ചൊവ്വായും ദുർഘടങ്ങൾ സമമായും തീരേണം" (ഏശായാ 40:40). ഇതു കേട്ട ജനം കുന്നിടിച്ച് നിലം നികത്താനല്ല ഇറങ്ങി പുറപ്പെട്ടത്. കുന്നു കയറി, താഴ്വാരം താണ്ടി, വളവ് തിരിഞ്ഞ് മുന്നോട്ട് യാത്ര ചെയ്ത് ലക്ഷ്യ സ്ഥാനമായ ദൈവസ്ഥാനത്തേക്ക് എത്താനാണ് അവർ സെറുബാബേലിനെയും, എസ്രായേയും നെഹമ്യാവിനെയും കൂട്ടുപിടിച്ചത്; അതിനായിരുന്നു ദൈവം കോരശിനെ അഭിഷിക്തനായി തെരഞ്ഞെടുത്തത്. ദൈവം നൽകിയ വിമോചനത്താൽ അവർ കുന്നുകയറി തിരിഞ്ഞുനോക്കിയപ്പോൾ കുന്നോ, താഴ്വാരം താണ്ടി യരുശലേമിലെത്തിയപ്പോൾ താഴ്വാരമോ കണ്ടില്ല. ഇന്ന് പക്ഷെ നമ്മൾ വാഗ്ദത്തങ്ങളെ സ്വന്തമാക്കാൻ, സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കാൻ കുന്നിടിച്ചും, താഴ്വാരം നികത്തിയും ആൾപ്പാർപ്പില്ലാതാകുന്ന രമ്യഹർമ്യങ്ങൾ നിർമ്മിക്കുന്നു; വളവുകൾ നിവർത്തി അയൽപക്കങ്ങളെ അന്യമാക്കുന്ന വീതിയേറിയ പാതകൾ നിർമ്മിക്കുന്നു, അതിനും കുന്നിടിക്കുകയും താഴ്വാരം നികത്തുകയും ചെയ്യുന്നു. ഭൂമിയെ നാം ശാപഗ്രസ്ഥമാക്കുന്നു എന്നും എപ്പോഴും എല്ലാം കൊണ്ടും.

**സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കാൻ കുന്നിടിച്ചും, താഴ്വാരം നികത്തിയും ആൾപ്പാർപ്പില്ലാതാകുന്ന രമ്യഹർമ്യങ്ങൾ നിർമ്മിക്കുന്നു; വളവുകൾ നിവർത്തി അയൽപക്കങ്ങളെ അന്യമാക്കുന്ന വീതിയേറിയ പാതകൾ നിർമ്മിക്കുന്നു, അതിനും കുന്നിടിക്കുകയും താഴ്വാരം നികത്തുകയും ചെയ്യുന്നു. ഭൂമിയെ നാം ശാപഗ്രസ്ഥമാക്കുന്നു**

സഖറിയ 1:3; യോവേൽ 2:12; ഹോശേ. 14:1, നെഹ. 1:9 തുടങ്ങിയ വേദഭാഗങ്ങളിലൂടെ "തിരിച്ചുവരിക, ദൈവത്തിങ്കലേക്ക് തിരികെ വരിക" എന്ന് നിരന്തരമായി കഴിഞ്ഞകാല മനുഷ്യനെ ഉപദേശിച്ച ദൈവം നമ്മോടും നിർദ്ദേശിക്കുന്നു, തിരിച്ചു വരിക, 'വേലയുടെയും കാവലിന്റെയും' മനോഭാവത്തിലേക്ക് തിരിച്ചുവരിക. ആവശ്യത്തിന്, അല്ല അത്യാവശ്യത്തിന് മാത്രം പ്രൃകൃതിയിൽ ഇടപെടുക. മരങ്ങളെയും, മലകളെയും, കുഴികളെയും, വയലുകളെയും, കുളങ്ങളെയും, വായുവിനെയും, ജലത്തെയും ജീവിക്കാൻ വേണ്ടി മാത്രം ഉപയോഗിക്കുക.

ഇവയുടെമേൽ മറ്റുള്ളവർക്കും അവകാശമുണ്ട് എന്ന വിവരത്തിലേക്ക് ഉണരുക. മദ്ധ്യകാല യുഗത്തിലെ യൂറോപ്പിലെയും അമേരിക്കയിലെയും ധാരാളിത്തത്തിന്റെ പ്രതീകമായ ദേവാലയങ്ങളുടെ ഇന്നത്തെ അവസ്ഥ എന്ത് എന്നത് നമ്മെ വിവേകമുള്ളവരാക്കണം. ഒരിക്കലും സ്ഥിര താമസത്തിന് കേരളത്തിലേക്ക് വരില്ല എന്നുറപ്പുള്ള മാതാപിതാക്കൾ കേരളത്തിൽ പണിതതും വാങ്ങിയതുമായ പാർപ്പിടങ്ങൾ പതിനായിരക്കണക്കാണ്; അവയിൽ പലതിന്റെയും വലുപ്പം കൊട്ടാര

എന്ന് അർത്ഥമാകുന്നു. ഈ വേദഭാഗത്തെ വായിച്ച് ആചരിക്കുന്നതിന് പകരം പരമ്പരാഗതമായി ലഭിച്ച ചില തെറ്റായ ധാരണ അനുസരിച്ച് "സകലത്തിന്മേലും... അധികാരിയാക്കി" (ഉല്പത്തി 1:28) എന്ന ഭാഗം തെറ്റായി വായിച്ചും, പാശ്ചാത്യ സാമ്പത്തിക ചിന്തയിൽ കാണുന്ന "പ്രകൃതി വിഭവങ്ങളെ പരമാവധി ചൂഷണം ചെയ്യുക (maximum exploitation of natural resources)" എന്ന തത്വചിന്ത കണ്ണടച്ച് സ്വീകരിച്ചും പ്രകൃതിയോടുള്ള എന്റെ ഉത്തരവാദിത്വം നിറവേറ്റാൻ ഞാൻ മറന്നു. ഒരു വൃക്ഷത്തിന്റെ ഫലത്തിനെതിരെയുള്ള മനുഷ്യന്റെ അതിക്രമത്തെ ഇത്രമാത്രം ഗൗരവത്തോടെ കണ്ട ദൈവം, ഫലത്തെ മാത്രമല്ല അവയുണ്ടാകുന്നതും ഇല്ലാത്തതുമായ മരങ്ങളെ തന്നെ കൂട്ടമായും വ്യാപകമായും അതിക്രമത്തിലൂടെ ഉപഭോഗത്തിന് വിധേയമാക്കിയ മനുഷ്യനെ എത്രമാത്രം കുറ്റമാരോപിക്കും എന്നതിന്റെ പ്രത്യേക ലക്ഷണമാണ് ഈ ദിവസങ്ങളിൽ നാം കണ്ടത്.

നമ്മുടെ ആരാധനാലയങ്ങൾ, ഭവനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, റിസോർട്ടുകൾ ഇവയൊക്കെ നിർമ്മിച്ചപ്പോൾ എന്തിന്, ആർക്ക് എത്രത്തോളം എന്നീ ചോദ്യങ്ങൾ ചോദിക്കാനും കണ്ടെത്തിയ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ വിവേകപൂർണ്ണമായ തീരുമാനത്തോടെ ജീവിക്കാനും പ്രവർത്തിക്കാനും എനിക്കു സാധിച്ചില്ല എന്ന് കുറ്റബോധത്തോടെ ഞാൻ ഓർക്കുന്നു. അങ്ങിനെ ഭൂമി ഞാൻ മൂലം ശാപഗ്രസ്ഥമായിതീർന്നു; മുള്ളും പറക്കാരയും മുളയ്ക്കുകയും മുഖത്തെ വിയർപ്പോടെ മാത്രം അപ്പം ഭക്ഷിക്കാൻ കഴിയുന്ന കഷ്ടത ഉണ്ടാവുകയും ചെയ്തു. ഇപ്പോൾ മുഖത്ത് മാത്രമല്ല മനസ്സിലും വിയർപ്പ് പൊടിയുന്നത് ഞാൻ കാണേണ്ടതുണ്ട്. നോഹയുടെ കാലത്തെ ജലപ്രളയത്തെയും അതിന്റെ കാരണത്തെയും കുറിച്ച് വായിച്ചും പഠിച്ചും വളർന്ന എനിക്ക് ഈ ജലപ്രളയത്തെ എന്റെ അതിക്രമത്തിന്റെ ഫലമുണ്ടായത് എന്ന് കാണാൻ കഴിയുമൊ എന്ന ചോദ്യമാണ് ഇവിടെ ഉയരുന്നത്. എന്റെ ഈ ലോക ജീവിതം മനുഷ്യരെ പിടിക്കുന്ന ഉത്തരവാദിത്ത നിർവ്വഹണത്തിന്റെ മാർഗ്ഗത്തിലുള്ളതായിരിക്കേണ്ടതാണ്. മനുഷ്യരെ പിടിക്കുക എന്നാൽ രക്ഷയിലേക്ക് അവരെ നയിക്കുക എന്നുതന്നെ. ഇതാണ് മോശയും, ഏലിയാവും പിന്നെ ക്രിസ്തു ശിഷ്യന്മാരും ചെയ്തത്. അതാണ് ഞാനും ചെയ്യേണ്ടത്. അതിന് ഇന്ന് മനുഷ്യന്റെ ലൗകികത നൽകുന്ന തെറ്റായ ധാരണകളിൽ നിന്നും അവനെ മോചിപ്പിക്കേണ്ടതുണ്ട്. അതിന് പകരം അതിനോട് ചേർന്ന് പ്രവർത്തിക്കുകയാണ് ഞാൻ ചെയ്തുപോന്നത്. എന്റെ പ്രവർത്തികളിലൂടെ മനുഷ്യരെ അവരുടെ ജീവനോപാധികളെ, സ്വപ്നങ്ങളെ ഈ ജലപ്രളയത്തിലൂടെ മാത്രമല്ല മറ്റനേകം സന്ദർഭങ്ങളിലൂടെ നശിപ്പിക്കാൻ ഞാൻ കാരണക്കാരനായി.

ഭൂമിയിലെ ദൈവത്തെപ്പോലെയാകാനുള്ള ആദിമമനുഷ്യന്റേതിന് തുല്യമായ മനോഭാവത്തോടെ അഹന്തയുടെയും അത്യാഗ്രഹത്തിന്റെയും സ്വഭാവം നമ്മെ കൊണ്ടുവന്നെത്തിച്ചിരിക്കുന്നത്. എവിടെ എന്ന് നാം കണ്ണു തുറന്ന് കാണേണ്ടതാണ്. പള്ളികളുടെ മുൻപിൽ സ്ഥാപിച്ചിരിക്കുന്ന ഏതാനും ദിവസം മാത്രം ഉപയോഗിക്കുന്ന കൊടിമരം മാത്രം ശ്രദ്ധിച്ചാൽ മതി ഈ മനോഭാവത്തിന്റെ ഉദാഹരണം കാണാൻ. അത് ഇടവകയുടെയോ വിശ്വാസത്തിന്റെയോ അഭിമാനത്തെയാണോ അതോ പ്രകൃതിയുടെ മേലുള്ള അതിക്രമത്തെയൊ ആണോ പ്രഖ്യാപിക്കുന്നത് എന്ന് പരിശോധിക്കേണ്ടതുണ്ട്. പ്രവാസത്തലിരുന്ന ജനത്തിന്റെ വിമോചനത്തെക്കുറിച്ച് പ്രസംഗിച്ച ഏശായാ പ്രവാചകൻ പറഞ്ഞു "എല്ലാ താഴ്വാരങ്ങളും നികന്നും എല്ലാ മലയും കുന്നും താണും വരേണം; വളഞ്ഞതു ചൊവ്വായും ദുർഘടങ്ങൾ സമമായും തീരേണം" (ഏശായാ 40:40). ഇതു കേട്ട ജനം കുന്നിടിച്ച് നിലം നികത്താനല്ല ഇറങ്ങി പുറപ്പെട്ടത്. കുന്നു കയറി, താഴ്വാരം താണ്ടി, വളവ് തിരിഞ്ഞ് മുന്നോട്ട് യാത്ര ചെയ്ത് ലക്ഷ്യ സ്ഥാനമായ ദൈവസ്ഥാനത്തേക്ക് എത്താനാണ് അവർ സെറുബാബേലിനെയും, എസ്രായേയും നെഹമ്യാവിനെയും കൂട്ടുപിടിച്ചത്; അതിനായിരുന്നു ദൈവം കോരശിനെ അഭിഷിക്തനായി തെരഞ്ഞെടുത്തത്. ദൈവം നൽകിയ വിമോചനത്താൽ അവർ കുന്നുകയറി തിരിഞ്ഞുനോക്കിയപ്പോൾ കുന്നോ, താഴ്വാരം താണ്ടി യരുശലേമിലെത്തിയപ്പോൾ താഴ്വാരമോ കണ്ടില്ല. ഇന്ന് പക്ഷെ നമ്മൾ വാഗ്ദത്തങ്ങളെ സ്വന്തമാക്കാൻ, സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കാൻ കുന്നിടിച്ചും, താഴ്വാരം നികത്തിയും ആൾപ്പാർപ്പില്ലാതാകുന്ന രമ്യഹർമ്യങ്ങൾ നിർമ്മിക്കുന്നു; വളവുകൾ നിവർത്തി അയൽപക്കങ്ങളെ അന്യമാക്കുന്ന വീതിയേറിയ പാതകൾ നിർമ്മിക്കുന്നു, അതിനും കുന്നിടിക്കുകയും താഴ്വാരം നികത്തുകയും ചെയ്യുന്നു. ഭൂമിയെ നാം ശാപഗ്രസ്ഥമാക്കുന്നു എന്നും എപ്പോഴും എല്ലാം കൊണ്ടും.

**സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കാൻ കുന്നിടിച്ചും, താഴ്‌വാരം നികത്തിയും ആൾപ്പാർപ്പില്ലാതാകുന്ന രമ്യഹർമ്യങ്ങൾ നിർമ്മിക്കുന്നു; വളവുകൾ നിവർത്തി അയൽപക്കങ്ങളെ അന്യമാക്കുന്ന വീതിയേറിയ പാതകൾ നിർമ്മിക്കുന്നു, അതിനും കുന്നിടിക്കുകയും താഴ്‌വാരം നികത്തുകയും ചെയ്യുന്നു. ഭൂമിയെ നാം ശാപഗ്രസ്ഥമാക്കുന്നു**

സഖറിയ 1:3; യോവേൽ 2:12; ഹോശേ. 14:1, നെഹ. 1:9 തുടങ്ങിയ വേദഭാഗങ്ങളിലൂടെ "തിരിച്ചുവരിക, ദൈവത്തിങ്കലേക്ക് തിരികെ വരിക" എന്ന് നിരന്തരമായി കഴിഞ്ഞകാല മനുഷ്യനെ ഉപദേശിച്ച ദൈവം നമ്മോടും നിർദ്ദേശിക്കുന്നു, തിരിച്ചു വരിക, 'വേലയുടെയും കാവലിന്റെയും' മനോഭാവത്തിലേക്ക് തിരിച്ചുവരിക. ആവശ്യത്തിന്, അല്ല അത്യാവശ്യത്തിന് മാത്രം പ്രൃകൃതിയിൽ ഇടപെടുക. മരങ്ങളെയും, മലകളെയും, കുഴികളെയും, വയലുകളെയും, കുളങ്ങളെയും, വായുവിനെയും, ജലത്തെയും ജീവിക്കാൻ വേണ്ടി മാത്രം ഉപയോഗിക്കുക.

ഇവയുടെമേൽ മറ്റുള്ളവർക്കും അവകാശമുണ്ട് എന്ന വിവരത്തിലേക്ക് ഉണരുക. മദ്ധ്യകാല യുഗത്തിലെ യൂറോപ്പിലെയും അമേരിക്കയിലെയും ധാരാളിത്തത്തിന്റെ പ്രതീകമായ ദേവാലയങ്ങളുടെ ഇന്നത്തെ അവസ്ഥ എന്ത് എന്നത് നമ്മെ വിവേകമുള്ളവരാക്കണം. ഒരിക്കലും സ്ഥിര താമസത്തിന് കേരളത്തിലേക്ക് വരില്ല എന്നുറപ്പുള്ള മാതാപിതാക്കൾ കേരളത്തിൽ പണിതതും വാങ്ങിയതുമായ പാർപ്പിടങ്ങൾ പതിനായിരക്കണക്കാണ്; അവയിൽ പലതിന്റെയും വലുപ്പം കൊട്ടാര

സമാനമാണ്. ഈ നിർമ്മാണങ്ങൾക്കായി വെട്ടിയ മരങ്ങളും കുഴിച്ചെടുത്ത കല്ലും കട്ടയും ഇരുമ്പും നമ്മോട് എന്താണ് പറയുന്നത് എന്ന് ശ്രദ്ധിക്കണം. ഭൂമിയിൽ ചിന്തപ്പെട്ട ഹാബേലിന്റെ രക്തം സ്വയമായി നിലവിളിച്ചപ്പോൾ ശ്രദ്ധിച്ച ദൈവം ഈ വെട്ടപ്പെട്ട മരങ്ങളുടെ കുറ്റികളുടെയും മണ്ണിന്റെയും നിശബ്ദ നിലവിളി കേൾക്കുന്നുണ്ടാവില്ലേ? രണ്ടറ്റവും കത്തുന്ന മെഴുകുതിരി പോലെയാണ് കേരളത്തിലെ മലയാളിയുടെ അവസ്ഥ.

ഒരു തലമുറക്ക് മുൻപ് അഞ്ചും ഏഴും പത്തും അംഗങ്ങൾ ഉണ്ടായിരുന്ന കുടുംബങ്ങളിൽ ഇന്ന് ഒന്നോ രണ്ടോ കുട്ടികൾ മാത്രം. അവർ പോലും വിദേശത്ത് പഠനം കഴിഞ്ഞ് അവിടെ തന്നെ ജീവിതം തുടരുന്നു. പിന്നാർക്കാണ് നാമീ പണിതുയർത്തുന്ന വമ്പൻ കെട്ടിടങ്ങളും മിനാരങ്ങളും? മരത്തിന്റെ ചുറ്റും നടന്ന് ക്ഷമയാചിച്ച് മാത്രം മരം വെട്ടുന്ന സംസ്ക്കാരമായിരുന്നു നമ്മുടേത്; സർപ്പക്കാവും മത്സ്യം നിറഞ്ഞ കുളവും കുന്നിൻ മുകളിലെ ദൈവാലയങ്ങളും തീർത്ഥാടനകേന്ദ്രങ്ങളും നമുക്കുണ്ടായിരുന്നു. അവയിൽ പലതും ഇന്ന് നമുക്ക് പഴയകാല ഓർമ്മകൾ മാത്രം. നമുക്ക് മരങ്ങൾ കഴിയുന്നതും വെട്ടാതിരിക്കാം, ഒന്ന് വെട്ടേണ്ടി വന്നാൽ രണ്ടെണ്ണം നടണം എന്ന് നിർബന്ധം പാലിക്കാം, ആവശ്യത്തിന് മാത്രം, മറ്റുള്ളവരെ കാണിക്കാനല്ല, കെട്ടിടങ്ങൾ നിർമ്മിക്കൂ എന്ന് തീരുമാനിക്കാം. ഇതാണ് ഈ പ്രളയകാലം എന്നോടുപദേശിക്കുന്നതായി ഞാൻ കേൾക്കുന്നത് ഇതാണ് ജലപ്രളയത്തിന്റെ സുവിശേഷം. "ചെവിയുള്ളവൻ കേൾക്കട്ടെ..." (മത്തായി 13:9) എന്ന് എന്റെ കർത്താവ് പറയുന്നു. യഹോവേ എനിക്ക് ശ്രദ്ധയുള്ള ഹൃദയം തരേണമേ! ■


**IN EVERLOVING MEMORY OF**



**T.K. MATHEW**

**10th year of Demise, 11-12-2018**

**തെക്കേമണ്ണിൽ, ഉളനാട്**

B-2 Ganga Gagan, Ghoripuri, Pune-1


"നിന്റെ മഹത്വമുദിക്കുന്നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

**Inserted By:**

Mrs. Kuttyamma Mathew
Children and Grand Children



**പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



**Dr. George Thomas**
**Dr. Grace George**
**Dr. Gem George & Greg**

**SOUTH AFRICA**